പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .463

04.07.2012-ൽ മറുപടിക്ക്

## കടൽ സുരക്ഷാ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, സി. ദിവാകരൻ<br>,, പി. തിലോത്തമൻ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കായി കടൽ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ പദ്ധതി നടപ്പാക്കി വരുന്നു. കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് 910 ലക്ഷം രൂപ അടങ്കൽ തുക വരുന്ന "സേഫ്റ്റി അറ്റ് സീ " എന്ന പ്രോജക്ടിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സകര്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ പദ്ധതി പ്രകാരം ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന 3000 പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന ഏകദേശം 600 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക്, പ്രധാനമായും പരമ്പരാഗത മോട്ടോറൈസ്ഡ് യാനങ്ങൾ ഉപയോഗിക്കുന്നവർക്ക്, ജി.പി.എസ്. -ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) റെസ്ക്യൂബീക്കൺ, എക്കോസൗണ്ടർ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന 1,50,000 രൂപ വിലവരുന്ന കിറ്റുകൾ നൽകുന്നതാണ്. |
| (സി) | ഈ പദ്ധതിയിലുള്ള തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (സി) | ഉണ്ട്. ടി പദ്ധതിയ്ക്ക് കേന്ദ്ര വിഹിത മായ 75% തുക സബ്സിഡിയായി അനുവദിക്കുന്നു. ബാക്കി 25% ഗുണഭോക്തൃവിഹിതമായി കണ്ടെത്തു വാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ